ആദ്യ വർഷത്തിൽ 50,000ത്തിലേറെ കാർ വിറ്റഴിച്ച് സ്കോഡ കൈലാഖ്

കൊച്ചി: കൈലാഖിന്റെ പുതിയ വകഭേദങ്ങൾ അവതരിപ്പിച്ച് സ്കോഡ ഓട്ടോ ഇന്ത്യ. വിപണിയിലെത്തി ഒരു വർഷത്തിനകം കൈലാഖിന്റെ 50,000–ത്തിലധികം യൂണിറ്റുകൾ വിറ്റഴിക്കപ്പെട്ടു.

നാല് വേരിയന്റുകളുടെയും ഏഴ് വിലനിലവാരങ്ങളുടെയും നിരയിൽ നിന്ന് 2026–ൽ കൈലാഖ് ആറ് വേരിയന്റുകളിലേക്കും 11 വിലനിലവാരങ്ങളിലേക്കും കടന്നു. എൻട്രി ലെവൽ ക്ലാസിക്കിനും സിഗ്നേച്ചർ ട്രിമ്മുകൾക്കും ഇടയിലായി ക്ലാസിക് എന്ന വേരിയന്റ് ബ്രാൻഡ് അവതരിപ്പിച്ചു. ഇപ്പോൾ ഈ ലൈനപ്പിൽ ഏറ്റവും മികച്ചതാണ് കൈലാഖിന്റെ പ്രസ്റ്റീജ് വേരിയന്റ്. ബേസ് ക്ലാസിക് വേരിയന്റിന് മുകളിലായി ഇപ്പോൾ കൈലാഖ് ക്ലാസിക് ഉണ്ട്.

ഇലക്ട്രിക് സൺറൂഫ്, ഇലക്ട്രിക് ഒ.ആർ.വിഎം, ക്രൂയിസ് കൺട്രോൾ, റെയിൻ സെൻസിംഗ് വൈപ്പറുകൾ, എൽ.ഇ.ഡി ഹെഡ്‌ലൈറ്റുകളും ടെയിൽലൈറ്റുകളും, എൽ.ഇ.ഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ, മൾട്ടി–ഫംഗ്ഷൻ സ്റ്റിയറിംഗ് വീൽ തുടങ്ങിയ സവിശേഷതകൾ വേരിയന്റിൽ ലഭ്യമാണെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

● വൈപ്പിൻ കാളമുക്കിൽ ലൈഫ് പദ്ധതിയിൽ ലഭിച്ച

വീട് ജപ്തി ചെയ്ത് സ്വകാര്യ പണമിടപാട് സ്ഥാപനം; പോകാനിടമില്ലാതെ നാലംഗ കുടുംബം

■ കാളമുക്കിൽ മാളിയംവീട്ടിൽ ട്രീസയും കുടുംബവും വരാന്തയിൽ താമസിക്കുന്നു.

വൈപ്പിൻ: ലൈഫ് പദ്ധതിയിൽ ലഭിച്ച വീട് സ്വകാര്യപണമിടപാട് സ്ഥാപനം ജപ്തി ചെയ്തതോടെ മൂന്ന് സ്ത്രീകളും രോഗിയായ എട്ടുവയസ്സുള്ള ആൺകുട്ടിയും അടക്കമുള്ള നാലംഗ കുടുംബം പോകാനിടമില്ലാതെ വീട്ടുവരാന്തയിൽ തങ്ങുന്നു. വൈപ്പിൻ കാളമുക്കിൽ മാളിയംവീട്ടിൽ ട്രീസയും കുടുംബവുമാണ് വീട്ടിൽ നിന്ന് പടിയിറക്കപ്പെട്ട് വരാന്തയിൽ തങ്ങുന്നത്.

ട്രീസയ്ക്കൊപ്പം അനുജത്തി ജൂലിയും മകൾ ഷിനിയും പേരക്കുട്ടി ആരോണുമാണ് താമസം. ലൈഫ് പദ്ധതിയിൽ ലഭിച്ച വീടിന്റെ പണി പൂർത്തിയാക്കുന്നതിനാണ് 2019–ൽ കുടുംബം അഞ്ച് ലക്ഷം രൂപ വായ്പയെടുത്തത്. അന്ന് മുതൽ 2024 വരെ മുടങ്ങാതെ വായ്പ തിരിച്ചടയ്ക്കുകയും ചെയ്തു. ട്രീസ വീട്ടുജോലിക്കും ജൂലി തൊഴിലുറപ്പിനും പോയി കിട്ടുന്ന വരുമാനം കൊണ്ടാണ് കുടുംബം കഴിഞ്ഞിരുന്നതും വായ്പ തിരിച്ചടച്ചിരുന്നതും. എന്നാൽ മുരുക്കുംപാടം സെന്റ് മേരീസ് എൽപി സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർഥിയായ ആരോണിന് കരൾ രോഗബാധയെ തുടർന്ന് കുടുംബത്തിന്റെ താളം തെറ്റി. അംഗവൈകല്യമുള്ള ഷിനിയാകട്ടെ ഭർത്താവുമായി വേർപിരിഞ്ഞ് അമ്മയോടൊപ്പമാണ് താമസം.

2025 ജൂണിൽ സ്വകാര്യ ധനകാര്യ സ്ഥാപന ഉദ്യോഗസ്ഥർ എത്തി വീട് പൂട്ടിയെങ്കിലും സിപിഎമ്മിന്റെയും ഡിവൈഎഫ്ഐയുടെയും നേതൃത്വത്തിൽ താഴ് പൊളിച്ച് കുടുംബത്തെ പുനരധിവസിപ്പിക്കുകയായിരുന്നു. ഇവർക്ക് വേണ്ട സഹായം എംഎൽഎ അടക്കമുള്ളവർ ഉറപ്പ് നൽകുകയും ചെയ്തു. പലിശയടക്കം നാല് ലക്ഷത്തിന് മേലാണ് ഇപ്പോൾ ബാധ്യതയുള്ളത്.

പിന്നീട് ജനകീയ സമിതി രൂപീകരിച്ചെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടന്നില്ല. ഇതേ തുടർന്നാണ് ഏഴ് മാസങ്ങൾക്ക് ശേഷം സ്ഥാപനം വീണ്ടുമെത്തി വീട് പൂട്ടിയത്.എവിടേക്ക് പോകണമെന്നറിയാതെ വരാന്തയിൽ തന്നെ തങ്ങുന്ന ഇവർക്ക് താങ്ങായി ആരെങ്കിലുമൊക്കെ എത്തുമെന്ന പ്രതീക്ഷയിലാണ്.

മ്യൂച്ചൽഫണ്ട്: എൻ.എസ്.ഇയും തപാൽ വകുപ്പും ധാരണയിൽ

കൊച്ചി: ഗ്രാമീണ ജനതയുടെ സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കി താഴെത്തട്ടിലുള്ളവർക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തപാൽ വകുപ്പും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. സമൂഹത്തിന്റെ എൻ.എസ്.ഇ. എം.എഫ് ഇൻവെസ്റ്റ് പ്ലാറ്റ്ഫോമുമായി സഹകരിച്ചുള്ള ഈ സംരംഭം, ഗ്രാമീണ മേഖലയിലെയും ചെറുകിട നഗരങ്ങളിലെയും ജനങ്ങളുടെ സമ്പാദ്യത്തെ ഉൽപ്പാദനക്ഷമമായ മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങളിലേക്ക് പരിവർത്തനം ചെയ്യാനും അതുവഴി സുസ്ഥിരമായ സമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്നു. ധാരണാപത്രം അനുസരിച്ച് തപാൽ വകുപ്പിന്റെ 1.64 ലക്ഷത്തിലധികം വരുന്ന പോസ്റ്റ് ഓഫീസുകളുടെ വിപുലമായ ശൃംഖലയും ജനങ്ങൾക്കിടയിലുള്ള വിശ്വാസവും എൻ.എസ്.ഇ.യുടെ അത്യാധുനിക സാങ്കേതിക വിദ്യയും ഈ പങ്കാളിത്തത്തിലൂടെ ഒത്തുചേരുമെന്ന് എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ ശ്രീറാം കൃഷ്ണൻ പറഞ്ഞു.

കാർഷിക നിക്ഷേപ സാദ്ധ്യതകളുമായി നവോധന് തുടക്കം

കൊച്ചി: സംസ്ഥാനത്തെ ലക്ഷക്കണക്കിന് ഹെക്ടർ തരിശുഭൂമി കാർഷിക സമൃദ്ധിയിലേക്ക് തിരികെ കൊണ്ടുവരാനും സ്വയംപൂർണ്ണതയിലേക്കുള്ള വഴിയൊരുക്കാനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് നവോധൻ എന്ന പേരിൽ നൂതന പദ്ധതിക്ക് തുടക്കം കുറിച്ചു. ഫലങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഇപ്പോഴുള്ള പോരായ്മയും വാണിജ്യാടിസ്ഥാനത്തിൽ ഉയർന്ന വിളവ് ഉറപ്പാക്കുന്ന കൃഷി നടത്താനുള്ള സാധ്യതയും കണക്കിലെടുത്താണ് ഈ നൂതന പദ്ധതിയ്ക്ക് രൂപം നൽകിയത്. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേര പദ്ധതിയിലുൾപ്പെടുത്തിയാണ് ഭൂവുടമസ്ഥാവകാശം കൈമാറ്റം ചെയ്യാതെ, ഭൂവുടമയ്ക്കും സാങ്കേതിക വൈദഗ്ധ്യമുള്ള കർഷകർക്കും കൃഷി ചെയ്യാൻ അവസരമൊരുക്കുന്ന ഒരു സഹകരണ കാർഷിക മാതൃകക്ക് രൂപം നൽകിയത്. പദ്ധതിയിൽ ചേരാൻ താല്പര്യമുള്ളവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് കേര പ്രൊജക്റ്റ് പ്രൊക്യൂർമെൻറ് ഓഫീസർ സുരേഷ് സി.തമ്പി അറിയിച്ചു. ഫോൺ–9037824060

വിലനിലവാരം

● സ്വർണ വില താഴ്ന്നു

● വെളിച്ചെണ്ണ
വെളിച്ചെണ്ണ.....29,800
വെളിച്ചെണ്ണ: മില്ലിങ്.....30,300
കൊപ്ര.....18,550–18,750

● പിണ്ണാക്ക്
എക്സ്പെല്ലർ.....4400
പിണ്ണാക്ക് റോട്ടറി.....4400

● കുരുമുളക്
അൺഗാർബിൾഡ്.....70,900
പുതിയ കുരുമുളക്.....69,900
കുരുമുളക് ഗാർബിൾഡ്.....72,900

● ചുക്ക്
മീഡിയം.....28,000
ചുക്ക് ബെസ്റ്റ്.....30,000

● മഞ്ഞൾ
നാടൻ.....15,500–16,000
സേലംഈറോഡ്.....ഇല്ല
കാഞ്ഞിരകുരു.....1850
അടയ്ക്ക.....36,000
അടയ്ക്ക പുതിയത്.....35,000
പഞ്ചസാര.....4200
മുളക്.....19000
ഉഴുന്ന്.....9600–10,700
ചെറുപയർ.....10000–13,600
കടല.....8100–10100
മുതിര.....5000
എള്ള്.....22,000
മല്ലി.....7800–9200
പച്ചരി നമ്പർ.1.....4700
പുഴുക്കലരി ജയ.....4200–4500

● ജാതിക്ക
തൊണ്ടൻ.....(കിലോ 250–320)
ജാതിക്ക തൊണ്ടില്ലാത്ത്.....630–660
ജാതിപത്രിചുവപ്പ്മഞ്ഞ.....1400–1700
ജാതി ഫ്ളവർ ചുവപ്പ്.....1500–2000
ജാതി ഫ്ളവർ മഞ്ഞ.....2000–2100
ഗ്രാമ്പൂ.....800–900

● റബർ
ആർഎസ്എസ് 5.....20,800
ആർഎസ്എസ് 4.....21,100
ഒട്ടുപാൽ.....14,200
ലാറ്റക്സ്.....13,100

● കാലടി വിപണി
ജാതിക്കതൊണ്ടൻ–കിലോ–250–330
ജാതിക്കതൊണ്ടില്ലാത്ത്–650–680
ജാതിപത്രിചുവപ്പ്മഞ്ഞ–1400–1700
ഫ്ളവർ ചുവപ്പ്മഞ്ഞ–1500–2100

● സ്വർണം
സ്വർണം പവൻ.....1,16,160
സ്വർണം ഗ്രാം.....14,520

സ്വർണം അവധി വ്യാപാരം
ഏപ്രിൽ.....157956
ജൂൺ.....161293

റബർ ബോർഡ്
● കോട്ടയം
ആർ.എസ്.എസ്.4.....20,700
ആർ.എസ്.എസ്.5.....20200
ഐ.എസ്.എൻ.ആർ–20.....18500
ലാറ്റക്സ് 60%.....13790

● കൊച്ചി
ആർഎസ്എസ്–4.....20,550
ആർഎസ്എസ്–5.....20050

● ബാങ്കോക്ക്
ആർ.എസ്.എസ്. 1.....20280
ആർ.എസ്.എസ്. 2.....20107
ആർ.എസ്.എസ്. 3.....19949
ആർ.എസ്.എസ്. 4.....19863
ആർ.എസ്.എസ്. 5.....19820

● ക്വലാലംപൂർ
എസ്.എം.ആർ–20.....17787
ലാറ്റക്സ് 60%.....13564

● ആലപ്പുഴ മാർക്കറ്റ്
വെളിച്ചെണ്ണ.....29900–30400
കൊപ്ര തെളിവ്.....18450
കൊപ്ര ഓടെ.....18500
കൊപ്ര രാശി.....18550
സ്വർണം ഒരു ഗ്രാം.....14475
സ്വർണം എട്ടു ഗ്രാം.....115800
തങ്കം 10 ഗ്രാം.....147750
വെള്ളി ഒരു കിലോ.....290000

വിനിമയം

ഡോളർ.....90.66
യൂറോ.....108.01
പൗണ്ട്.....124.25
സ്വിസ്ഫ്രാങ്ക്.....118.40
സിംഗപ്പൂർ.....71.85
ആസ്ട്രേലിയൻ.....164.50
കനേഡിയൻ.....67.01
ബഹറിൻ ദിനാർ.....240.42
കുവൈത്ത് ദിനാർ.....297.28
ഒമാനി റിയാൽ.....235.28
സൗദി റിയാൽ.....24.14
യു.എ.ഇ. ദിർഹം.....24.68
ഖത്തർ റിയാൽ.....24.84

വി–ഗാർഡ് ഇന്നൊവേഷൻ ക്യാംപസ് പ്രവർത്തനം ആരംഭിച്ചു

കൊച്ചി: ഇലക്ട്രിക്കൽ–ഇലക്ട്രോണിക്സ് ബ്രാൻഡായ വി–ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അത്യാധുനിക ഇന്നൊവേഷൻ കാമ്പസിന്റെ ഒന്നാം ഘട്ടം കാക്കനാട് കിൻഫ്ര–ഇഎംസി പാർക്കിൽ പ്രവർത്തനമാരംഭിച്ചു. മന്ത്രി പി.രാജീവ് ഇന്നൊവേഷൻ കാമ്പസിന്റെ സോഫ്റ്റ് ലോഞ്ച് നിർവഹിച്ചു. തൃക്കാക്കര എം.എൽ.എ ഉമ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വി–ഗാർഡ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഷീല കൊച്ചൗസേപ്പ്, മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി, ഡയറക്ടറും സിഒഒയുമായ രാമചന്ദ്രൻ . വി, എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റണി സെബാസ്റ്റ്യൻ, വി–ഗാർഡ് ഫൗണ്ടേഷൻ ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ് തുടങ്ങിയവർ പങ്കെടുത്തു. 120 കോടി രൂപയിലേറെ മുതൽമുടക്കിൽ മൂന്ന് ഏക്കറിലായി 1,10,338 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന കാമ്പസിന്റെ ഒന്നാം ഘട്ടത്തിൽ അത്യാധുനിക ഇലക്ട്രോണിക്സ് ആർ ആൻഡ് ഡി ലാബുകൾ, ഐടി ലാബ്, റിലയബിലിറ്റി ലാബ്, പ്രോഡക്ട് ഡിസൈൻ സ്റ്റുഡിയോ, ലേണിംഗ് സെന്റർ, കൺസ്യൂമർ ഇൻസൈറ്റ് റൂമുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

■ കാക്കനാട് കിൻഫ്ര–ഇഎംസി പാർക്കിൽ വി–ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഇന്നൊവേഷൻ കാമ്പസ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യുന്നു. ഷീല കൊച്ചൗസേപ്പ്, വി–ഗാർഡ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, വി–ഗാർഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി, വി–ഗാർഡ് ഫൗണ്ടേഷൻ ഡയറക്ടർ ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളി, വി–ഗാർഡ് ഡയറക്ടറും സിഒഒയുമായ രാമചന്ദ്രൻ .വി എന്നിവർ സമീപം.

ടെലികോം ദക്ഷിണമേഖലാ വാർഷിക സുരക്ഷാ സമ്മേളനം

കൊച്ചി: കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിന് കീഴിലുള്ള ടെലികോം വകുപ്പിന്റെ ഡയറക്ടർ ജനറൽ ടെലികോം ആസ്ഥാനത്തിന് കീഴിലുള്ള കേരള ലൈസൻസ്ഡ് സർവീസ് ഏരിയ സുരക്ഷാ സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള ദക്ഷിണമേഖലാ വാർഷിക സമ്മേളനം എറണാകുളം മറൈൻ ഡ്രൈവിലെ ഹോട്ടൽ താജ് വിവാന്തയിൽ സംഘടിപ്പിച്ചു.സമ്മേളനത്തിൽ ടെലികോം വകുപ്പിന്റെ നാല് ദക്ഷിണമേഖലാ എൽ.എസ്.എ –കളിലെ (കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക) ഉദ്യോഗസ്ഥരും, കേന്ദ്ര–സംസ്ഥാന നിയമപാലന ഏജൻസികളും വിവിധ ടെലികോം സേവന ദാതാക്കളും (എയർടെൽ, ആർ.ജെ.ഐ.എൽ, ബി.എസ്.എൻ.എൽ, വോഡഫോൺ ഐഡിയ ലിമിറ്റഡ്) പങ്കെടുത്തു. കൂടാതെ ആർ.ബി.ഐ, എസ്.ബി.ഐ, ഫോൺപേ, സി.ഒ.എ.ഐ , ഐ.എസ്.പി.എ.ഐ പ്രതിനിധികളും സന്നിഹിതരായിരുന്നു. 122 കോടിയിലധികം വരിക്കാരുള്ള രാജ്യത്തെ ടെലികോം സുരക്ഷയുടെ പ്രാധാന്യം വിളിച്ചോതുന്നതായിരുന്നു നൂറിലധികം പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം. സുരക്ഷിതവും സുദൃഢവുമായ ഒരു ഡിജിറ്റൽ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് എല്ലാ പങ്കാളികളുടെയും സഹകരണം ഉറപ്പാക്കിക്കൊണ്ട് സമ്മേളനം സമാപിച്ചു.

മയക്കുമരുന്ന് ആംപ്യൂളുകളുമായി 'ജപ്പാൻ പപ്പനും' സുഹൃത്തും പിടിയിൽ


■ അനൂപ്, പ്രഭാകരൻ

കൊച്ചി: കൊച്ചി നഗരത്തിലെ റേവ് പാർട്ടികൾക്ക് ഉൻമാദ ലഹരി പകരുവാൻ എത്തിച്ച ലോറെസെപാം ഇഞ്ചക്ഷൻ ഐ.പി എന്ന മാരക മയക്കുമരുന്നുമായി യുവാക്കൾ എക്സൈസിന്റെ പിടിയിൽ.

ആലുവ, കരുമാലൂർ, കൊറ്റൻകുളങ്ങര പല്ലാക്കപ്പറമ്പ് വീട്ടിൽ അനൂപ്(40), ആലുവ ദേശംകടവ് മണിവിലാസം വീട്ടിൽ പ്രഭാകരൻ(ജപ്പാൻ പപ്പൻ–31) എന്നിവരാണ് ഡെപ്യൂട്ടി കമ്മിഷണറുടെ സ്പെഷ്യൽ ഇന്റലിജൻസ് ടീം, ആലുവ റേഞ്ച് എക്സൈസ് എന്നിവരുടെ സംയുക്ത നീക്കത്തിൽ പിടിയിലായത്.

ഇവരിൽ നിന്ന് നാലെണ്ണം ലോറെസെപാം മയക്കുമരുന്ന് ആപ്യൂളുകളും, ഇത് കുത്തി വയ്ക്കാൻ ഉപയോഗിക്കുന്ന സിറിഞ്ചുകൾ, മയക്കുമരുന്ന് ഉപയോഗിക്കുമ്പോൾ ശർദ്ദിക്കാതിരിക്കാനുള്ള ഒരു ആംപ്യൂളുകളും കണ്ടെടുത്തു. മയക്കുമരുന്ന് കച്ചവടത്തിനായി ഉപയോഗിച്ച ന്യൂജനറേഷൻ ബൈക്ക്, സ്മാർട്ട് ഫോണുകളും എക്സൈസ് കസ്റ്റഡിയിൽ എടുത്തു.

ഉപഭോക്താക്കളുടെ ഇടയിൽ 'ജപ്പാൻ പപ്പൻ' എന്ന് അറിയപ്പെടുന്ന പ്രഭാകരനും, സുഹൃത്ത് അനൂപും മയക്കുമരുന്ന് കച്ചവടം തുടങ്ങിയിട്ട് നാളുകളായെങ്കിലും ഒരുമിച്ച് പിടിയിലാക്കുന്നത് ഇത് ആദ്യമായാണ്.

ഡെപ്യൂട്ടി കമ്മീഷണറുടെ സ്പെഷ്യൽ ഇന്റലിജൻസ് സ്ക്വാഡിലെ ഇൻസ്പെക്ടർ സിജോ വർഗ്ഗീസ്, പ്രിവന്റീവ് ഓഫീസർ എൻ.ഡി. ടോമി, സിവിൽ എക്സൈസ് ഓഫീസർമാരായ രജിത്ത് ആർ നായർ, ജെ അരവിന്ദ് എന്നിവരും ആലുവ എക്സൈസ് റേഞ്ചിലെ ഇൻസ്പെക്ടർ ജോമോൻ ജോർജ്ജ്, വനിത സിവിൽ എക്സൈസ് ഓഫീസർ ലിജി ആന്റണി, സിവിൽ എക്സൈസ് ഓഫീസർമാരായ വിഷ്ണു സോമൻ, ആകാശ് കൃഷ്ണ, നിതിൻ, എക്സൈസ് ഡ്രൈവർ കബീർ എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതികളെ കസ്റ്റഡിയിലെടുത്തത്.

10 വർഷം ഉടമയുടെ കല്ലറയ്ക്കരികിൽ; ഇനി ബോബിന്റെ പേരിൽ നിയമം

● ബോബ്

ബ്രസീലിയ: ബ്രസീലുകാരുടെ പ്രിയപ്പെട്ട 'ബോബിന്റെ' പേരിൽ ഇനി നിയമവും. ഉടമയുടെ കല്ലറയ്ക്കു സമീപം 10 വർഷത്തോളം കാവൽനിന്നാണ് ബോബ് എന്ന നായ പ്രശസ്തനായത്. സാവോ പോളോയിലെ ഒരു ശ്മശാനത്തിലാണു അവന്റെ ഉടമയെ അടക്കം ചെയ്തത്.

ബോബിന്റെ ജീവിതം ചർച്ചയായതോടെ സാവോ പോളോയിൽ വളർത്തുമൃഗങ്ങളെ ഉടമകളുടെ കല്ലറയ്ക്ക് സമീപം അടക്കം ചെയ്യാൻ അനുമതി നൽകുകയായിരുന്നു. 'ബോബ് കോവെയ്റോ' (കോവെയ്റോ എന്നാൽ പോർച്ചുഗീസ് ഭാഷയിൽ കല്ലറ എന്ന് അർത്ഥം) എന്ന് ഓമനപ്പേരിൽ അറിയപ്പെട്ട നായ, 2021ൽ മരിക്കുന്നതുവരെ കല്ലറയ്ക്കു സമീപം തുടർന്നു. മരണാനന്തരം ബോബിനെ ഉടമയുടെ അരികിൽ തന്നെ അടക്കം ചെയ്തു.

വളർത്തുമൃഗങ്ങളും അവയുടെ ഉടമകളും തമ്മിലുള്ള 'വൈകാരിക ബന്ധം' അംഗീകരിക്കുന്നതായി പ്രാദേശിക ഭരണകൂടം അറിയിച്ചു. 'സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും കഥയായി ആരംഭിച്ച ബോബിന്റെ ജീവിതം പൊതു നയമായി മാറിയിരിക്കുന്നു.' – ബില്ലിനു പിന്നിൽ പ്രവർത്തിച്ച എഡ്വേർഡോ നോബ്രെഗ പറഞ്ഞു. ബ്രസീലിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, 2011 ൽ ഉടമയുടെ സംസ്കാര ചടങ്ങിനായാണു ബോബിനെ ടാബോവോ ഡാ സെറയിലെ ശ്മശാനത്തിലെത്തിച്ചത്. അതിനുശേഷം അവിടെനിന്ന് പോകാൻ അവൻ കൂട്ടാക്കിയില്ല. കുടുംബാംഗങ്ങൾ വീട്ടിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ പോലും അവൻ തിരികെ ശ്മശാനത്തിലെത്തി. പിന്നീട് ശ്മശാനത്തിനടുത്ത് അവനായി ചെറിയ വീടൊരുക്കി. അവിടെ നടക്കുന്ന സംസ്കാര ചടങ്ങുകളിൽ അവന്റെ സാന്നിധ്യമുണ്ടായിരുന്നു. 2021ൽ ഒരു വാഹനമിടിച്ചു മരിച്ചപ്പോൾ, ഉടമയുടെ അരികിൽ തന്നെ അവനെയും അടക്കം ചെയ്തു.

ബോബിന്റെ ഓർമ്മയ്ക്കായി ഒരു പ്രതിമ സ്ഥാപിക്കാൻ നീക്കമുണ്ട്. 'അവൻ എല്ലാവരുടെയും ഹൃദയം കീഴടക്കി' എന്നാണ് ആരാധകരുടെ വാദം. പുതിയ നിയമം അനുസരിച്ചു നായകളെ മാത്രമല്ല, പൂച്ചകളെയും ഉടമയുടെ കല്ലറയ്ക്കു സമീപം അടക്കം ചെയ്യാനാകും. അതിനായി ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കണമെന്നു മാത്രം. പെറ്റ് ബ്രസീൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കനുസരിച്ച്, വളർത്തുമൃഗ എണ്ണത്തിന്റെ കാര്യത്തിൽ ലോകത്തിൽ മൂന്നാം സ്ഥാനം ബ്രസീലിനുണ്ട്. 16 കോടി വളർത്തുമൃഗങ്ങളാണ് അവിടെയുള്ളത്.

കുംഭമാസ പൂജകൾക്കായി ശബരിമല നട തുറന്നു

ശബരിമല: കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി. പ്രസാദ് നമ്പൂതിരി ശ്രീകോവിൽ തുറന്ന് ശ്രീലകത്ത് ദീപം തെളിച്ചു.

തുടർന്ന് പതിനെട്ടാംപടി ഇറങ്ങി തിരുമുറ്റത്തെ ആഴിയിൽ അഗ്നി പകർന്നതോടെ ഇരുമുടിക്കെട്ടേന്തി പതിനെട്ടാം പടിക്ക് താഴെ കാത്തുനിന്ന തീർഥാടകർ പടി ചവിട്ടി സന്നിധാനത്തേക്ക് പ്രവേശിക്കാൻ ആരംഭിച്ചു. നടതുറന്ന ഇന്ന് നല്ല തിരക്കാണ് ശബരിമലയിൽ അനുഭവപ്പെട്ടത്.

ഇന്ന് പ്രത്യേക പൂജകൾ ഒന്നും ഉണ്ടാവില്ല. നാളെ കുംഭമാസ പുലരിയിൽ അഞ്ചിന് നട തുറക്കും. നാളെ പുലർച്ചെ നിർമ്മാല്യ ദർശനം, പതിവ് അഭിഷേകം തുടങ്ങിയ പൂജകൾക്കു ശേഷം, തന്ത്രിയുടെ മുഖ്യ കാർമ്മികത്വത്തിൽ ഗണപതിഹോമം, നെയ്യഭിഷേകം, അഷ്ടാഭിഷേകം, ഉഷപൂജ, കലശപൂജ, കളഭാഭിഷേകം, ഉച്ചപൂജ എന്നീ ചടങ്ങുകൾക്കുശേഷം ഉച്ചയ്ക്ക് നടയടക്കും.

തുടർന്ന് വൈകിട്ട് 4 ന് നടതുറക്കും. 6.30 ന് ദീപാരാധനയ്ക്കുശേഷം, പടിപൂജ, പുഷ്പാഭിഷേകം, അത്താഴപൂജ എന്നീ ചടങ്ങുകളും നടക്കും. രാത്രി പത്തിന് ഹരിവരാസനം പാടി നട അടക്കും. കുംഭമാസ പൂജകൾ പൂർത്തിയാക്കി 17 ന് രാത്രി ശബരിമല നടയടക്കും.

Change Of Name
I, formerly known as Noorjahan Basheer (Old Name), holding Passport No. N7326168, presently residing at KIZHAKKEPUTHENPURA HOUSE, ERAMALLOOR PO, KOTHAMANGALAM, ERNAKULAM, PIN: 686691, KERALA, INDIA, have changed my name to NOORJAHAN P.M. Henceforth, I shall be known as NOORJAHAN P.M for all purposes."

പാസ്പോർട്ട് നഷ്ടപ്പെട്ടു
എന്റെ H5392026 നമ്പർ ഒറിജിനൽ പാസ്പോർട്ട് തിരിച്ചുകിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസവുമായി ബന്ധപ്പെടുക എന്ന്, CELINE VARGHEESE, NELLIKUNNEL HOUSE, KUNNAM, MUTHALAKODAM (PO), THODUPUZHA, IDUKKI DIST, KERALA, PIN : 685 605 Ph: 7025516572.

ആർ.സി ബുക്ക് നഷ്ടപ്പെട്ടു
KL 43 E 2951 രജിസ്ട്രേഷൻ നമ്പറിലുള്ള Piaggio Vespa സ്കൂട്ടറിന്റെ ആർ.സി ബുക്ക് തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ 15 ദിവസത്തിനകം മട്ടാഞ്ചേരി ജോയിന്റ് ആർ.റ്റി ഓഫീസിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.
ജോയിന്റ് ആർ.റ്റി.ഒ, മട്ടാഞ്ചേരി

ഉപകാരസ്മരണ
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാര സ്മരണ.
സുജ, ഏഴക്കരനാട്

SOUTH INDIAN Bank ബ്രാഞ്ച്: തോപ്പുംപടി
ഡോർ നം. 2487 സി, വാർഡ് നം.18, കെജീസ് ബിൽഡിംഗ്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിന് എതിർവശം, തോപ്പുംപടി, എറണാകുളം–682 005 ഫോൺ: 9645580634
സ്വർണ്ണ പണയ ലേലവിൽപന നോട്ടീസ്
ദി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ **തോപ്പുംപടി ശാഖയിൽ** പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ച് ആയത് ബന്ധപ്പെട്ട കക്ഷികൾ കൈപ്പറ്റിയിട്ടുള്ളതും/കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതും, നോട്ടീസ് തിയ്യതിക്കകം പണമടച്ച് അക്കൗണ്ട് ക്ലോസ് ചെയ്ത് ഉരുപ്പടികൾ തിരികെ കൈപ്പറ്റാത്തതുമായ താഴെ പറയുന്ന അക്കൗണ്ട് നമ്പറുകളിലുള്ള സ്വർണ്ണ ഉരുപ്പടികൾ 18–02–2026, ബുധനാഴ്ച ഉച്ചക്ക് 1 മണിക്ക് ബാങ്കിന്റെ മുകളിൽ പറഞ്ഞ ശാഖയിൽ വെച്ച് പരസ്യമായി ലേലവിൽപ്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ലേലതുകക്കൊപ്പം GST ബാധകമായിരിക്കും. ഉരുപ്പടികളുടെ വിശദാംശങ്ങളും ലേലവ്യവസ്ഥകളും ടി ശാഖയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാകുന്നു
സ്വർണ്ണപണയനമ്പറുകൾ ബ്രാഞ്ച് തോപ്പുംപടി:
0118653000015753
ലേലവിൽപ്പന ബാങ്കിന്റെ അന്തിമതീരുമാനത്തിന് വിധേയമായിരിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടിവെയ്ക്കുവാനും നിർത്തിവെയ്ക്കുവാനും ബാങ്കിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.
11.02.2026 (ഒപ്പ്) മാനേജർ.

KSEB കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ദർഘാസ് പരസ്യം
എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയം, ജനറേഷൻ ഡിവിഷൻ, മൂഴിയാർ, പത്തനംതിട്ട. ഇ-ടെൻഡർ: ID: 2026_KSEB_834520അടങ്കൽതുക: 39,44,000/- രൂപ അവസാന തീയതി: 23.02.2026,11.00 am, **എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയം, പി.എം.യു, ഇലക്ട്രിക്കൽ സർക്കിൾ, കൽപ്പറ്റ, വയനാട്.** ഇ-ടെൻഡർ ID: 2026_KSEB_834888_1, അടങ്കൽ തുക: 34,40,040.36/- രൂപ അവസാന തീയതി: 03.03.2026 ,11.00 am , **ഡെപ്യൂട്ടി ചീഫ് എൻജിനീയർ കാര്യാലയം, ജനറേഷൻ സർക്കിൾ, മൂലമറ്റം, ഇടുക്കി.** ഇ-ടെൻഡർ ID: 2026_KSEB_835078_1 അവസാന തീയതി:06.03.2026 04.00 pm, ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in വിശദ വിവരങ്ങൾക്ക് www.kseb.in
PR/MC1/C-507/ E-tender/25-26

KRFB PMU
(1) Tender No. PWD/KR/TR/10197/2025 5 1 1/1- Name of work- KIIFB-IMPROVEMENT TO MASKUMARI KURUDAPADVU ROAD IN KASARAGOD DISTRICT -Ch. 3/385 to 7/600 (4.215 Km) Deposit Work-General Civil Work .Bid can be downloaded from the e-tenders portal upto 17/02/2026-15.00 Bid fee: Rs.9.759/- Bid Security: Rs.1,00,000/-
(2) Tender No. PWD/KR/TR/22715/202551 1/1- Name of work- KIIFB-Patch Work and resurfacing to Para Pollachi Road Km 17/000 to 29/000 in Palakkad District-2025-2026-General Civil Work Bid can be downloaded from the e-tenders portal upto 18/02/2026-15.00 Bid fee: Rs.13,010/- Bid Security: Rs.2,00,000/-
(3) Tender No. PWD/KR/TR/14826/2025 51 1/1-Name of work- KIIFB-Improvement of Kambilichungam Peruvembu Road Km 0/000 to 10/000 in Palakkad District-(Deposit Work)-General Civil Work. Bid can be downloaded from the e-tenders portal upto 19/02/2026-15.00 Bid fee: Rs.19.518/- Bid Security: Rs.5,00,000/-
(4) Tender No. PWD/KR/TR/21155/2023 511/2-Name of work- KIIFB-PWD015-112-IMPROVEMENTS TO CHERUKOLPUZHA-MANIYAR ROAD IN PATHANAMTHITTA DISTRICT-(PHASE 1-CHERUKOLPUZHA-RANNI ROAD)-General Civil Work. Bid can be downloaded from the e-tenders portal upto 23/02/2026-15.00 Bid fee: Rs.19.518/- Bid Security: Rs.5,00,000/-
for documents and details: https://etenders.kerala.gov.in/nicgep/app
RO No. D3/151/2026

എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് ടെൻഡർ പരസ്യം
എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് എൽ ഐ ഡി & ഇ ഡബ്ല്യു വിഭാഗത്തിലെ വാർഷിക പ്രവർത്തികളുടെ ഇ ടെൻഡർ കരാറുകാരിൽ നിന്നും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.etender.kerala.gov.in
ഒപ്പ്
അസിസ്റ്റന്റ് എഞ്ചിനീയർ
എൽ.എസ്.ജി.ഡി. സെക്ഷൻ

ഇ-ടെണ്ടർ പരസ്യം
തീയതി: 11/02/2026
വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണം എന്ന പദ്ധതിക്കായി അംഗീകൃത ഏജൻസികളിൽ/കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇ-ടെണ്ടർ സംബന്ധിച്ച മുഴുവൻ വിവരങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ 2026_DP_835816_1 എന്ന വിൻഡോ നമ്പറിലും, പഞ്ചായത്ത് കാര്യാലയത്തിലും ലഭ്യമാണ്.
(ഒപ്പ്) സെക്രട്ടറി
വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

പരസ്യം
എന്റെ കക്ഷിയായ എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, നെട്ടൂർ പി.ഒ., പിൻ-682040 വടക്കേ വാദ്ധ്യാംപള്ളിയിൽ വീട്ടിൽ അന്തരിച്ച അസീസിന്റെയും നബീസയുടെയും മകളും സബി ഭാര്യയുമായ ഹസത്ത് ചേർക്ക് മരട് വില്ലേജ് റീ സർവ്വെ ബ്ലോക്ക് നമ്പർ 14, റീ സർവ്വെ നമ്പർ 271/5/3 ൽ പെട്ട 1.21 ആർ വിസ്തീർണ്ണമുള്ള വസ്തുവകകൾ മരട് സബ്‌രജിസ്ട്രിയിലെ 1763/2019-ാം നമ്പർ കുട്ടവകാശ ഒഴുമുറിയാധാരപ്രകാരവും 6/7 വശം തിരിക്കാത്ത അവകാശവും ടി രജിസ്റ്ററിയിലെ 2224/2001-ാം നമ്പർ ഭാഗപത്രത്തിലെ എ പട്ടിക പ്രകാരം അന്തരിച്ച നബീസയുടെ അവകാശി എന്ന നിലയിൽ സിദ്ധിച്ച 1/7 വശം തിരിക്കാത്ത അവകാശവും കൂടി സിദ്ധിച്ച് കൈവശം വച്ചനുഭവിച്ചു വരുന്നതാകുന്നു. ആപ്രകാരം സിദ്ധിച്ച മരട് സബ്‌രജിസ്ട്രിയിലെ 2224/2001-ാം നമ്പർ ഭാഗപത്രത്തിന്റെ നബീസയുടെ കോപ്പിയിൽ 08/06.2001 ലെ മരട് വെണ്ണല ബി സോമശേഖരന്റെ പക്കൽ നിന്നും വാങ്ങിച്ച 1454, 1455-ാം നമ്പർ മുദ്രപത്രത്തിൽ എഴുതിയ ഒന്നാം ഡ്യൂപ്ലിക്കേറ്റിന്റെ അസൽ എന്റെ കക്ഷിയുടെ കൈവശത്തിൽ നിന്നും തിരിച്ചുകിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. ടി മരട് സബ്‌രജിസ്ട്രിയിലെ 2224/2001-ാം നമ്പർ ഭാഗപത്രത്തിന്റെ ഒന്നാം ഡ്യൂപ്ലിക്കേറ്റിന്റെ അസൽ എന്റെ കക്ഷിയോ മറ്റാരുമോ എവിടെയും പണയപ്പെടുത്തുകയോ കോർട്ട് ജപ്തി ജാമ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ടി വസ്തുവകകളെ സംബന്ധിച്ച് യാതൊരുവിധ കേസുകളോ തർക്കങ്ങളോ ഇല്ലാത്തതാകുന്നു. ടി ആധാരത്തിന്റെ കോപ്പി അസ്സൽ പോലെ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ആക്ഷേപമുണ്ടെങ്കിൽ ഇത് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 10 ദിവസത്തിനകം രേഖാമൂലം എന്നെ അറിയിക്കണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
2026 ഫെബ്രുവരി മാസം 06-ാം തീയതി.
സി.ദേവാനന്ദ്, അഡ്വക്കേറ്റ്,
എൻറോൾമെന്റ് നമ്പർ. K/190/1987
ലോ അസോസിയേറ്റ്സ്
തൃപ്പൂണിത്തുറ - 682 301

കല്ലൂർക്കാട് ക്ഷീരോൽപാദക സഹകരണ സംഘം
LTD. NO.E. 5(D) APCOS
കല്ലൂർക്കാട് പി ഒ, മൂവാറ്റുപുഴ
Pin :-686668.
ആവശ്യമുണ്ട്
സംഘത്തിൽ ഒഴിവുള്ള സെക്രട്ടറി തസ്തികയിലേക്ക് കേരള സഹകരണ നിയമ പ്രകാരം B com, Co operation/ SSLC With J. D. C- യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 40 വയസ്സ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 28 2 2026.
Mob: 9895942442.

CHANGE OF NAME
I, Sereena Mytheensha holder of of passport No. N 7324427 Residing at Kallarackakudiyil house Pallarimangalam P.O, Pallarimangalam, Kothamangalam, Ernakulam 686671 do hereby change my name to Sereena Puthiri Jahangeer as Aadhar card

BEFORE THE HONOURABLE MOTOR ACCIDENTS CLAIMS TRIBUNAL AT PERUMBAVOOR
OP (MV): 986/2022
Petitioner - P.J John
Respondents - Bibin and others
R1- : Bibin, aged 28 years, S/o Joseph, Nadackal House, Kanakkari Kara, Kanakkari village, Kottayam district, Kanakkari.P.O., Pin-686632.
COURT NOTICE
Take notice that the above OP (MV) (Compensation claim in related to accident dated 11-04-2021, of KL-17-E-2733 Motor Car, stands posted for your (R1) appearance to 24-02-2026 at 11 AM, before this tribunal, failing which, the above OP will be decided in your absence as ex-parte.
(S/d) C.T.Soman,
7/2/2026 Advocate

UJJIVAN SMALL FINANCE BANK
Registered Office: Grape Garden, No.27, 3rd "A" Cross, 18th Main, Koramangala 6th Block, Koramangala, Bengaluru-560095, Karnataka
Branch Office: No.2926/1, GF, Vitheyathil Building, No 67, Old Railway Station Road, Kombara, Kacheripady, Ernakulam, Kerala-682018

ഇ-ലേല-വിൽപന അറിയിപ്പ്
സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, അനുസരിച്ചും 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8 (6) പ്രകാരവും സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപന അറിയിപ്പ്.
പൊതുജനങ്ങൾക്കു പൊതുവായും വായ്പക്കാർക്കും ജാമ്യക്കാർക്കും പ്രത്യേകിച്ചും നൽകുന്ന മുന്നറിയിപ്പ് എന്തെന്നാൽ താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്തുക്കൾ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ ... ഇ-ലേലം ... എന്ന അടിസ്ഥാനത്തിൽ വിൽക്കുന്നതാണ്.

ലോൺ അക്കൗണ്ട് നമ്പർ/ വായ്പക്കാരന്റെ / സഹ-വായ്പക്കാരന്റെ / ജാമ്യക്കാരുടെ പേര്	(i) 13 – 2 നോട്ടീസ് തീയതി & ഡിമാൻഡ് തുക (ii) കൈവശപ്പെടുത്തിയ തീയതി	നിലവിലെ കുടിശ്ശിക ബാലൻസ്	റിസർവ് പ്രൈസ് INR-ൽ	നിരതദ്രവ്യം ഡിപ്പോസിറ്റ് (ഇ.എം.ഡി) INR-ൽ
1193210170000009 1. മിസ്റ്റർ ആഷിഷ് കെ.എ 2. മിസ്റ്റർ അശോകൻ 3. മിസിസ് ശോഭന സാജൻ	(i) 28.04.2022 & Rs. 7,55,322/ (ഏഴു ലക്ഷത്തി ... രൂപ മാത്രം) 17.04.2022 വരെയുള്ള കണക്ക് പ്രകാരം (ii) പ്രതീകാത്മക കൈവശം: 09.02.2023 ഭൗതിക കൈവശം: 06.08.2025	₹ 13,83,930/- (പതിമൂന്ന് ലക്ഷത്തി എൺപത്തിമൂന്നായിരത്തി തൊള്ളായിരത്തി മുപ്പത് രൂപ മാത്രം) 05.02.2026 വരെയുള്ള കണക്ക് പ്രകാരം	₹ 6,81,000/- (ആറ് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപ മാത്രം)	₹ 68,100/- (അറുപത്തിയെട്ടായിരത്തി ഒരുനൂറ് രൂപ മാത്രം)

പ്രോപ്പർട്ടി ഷെഡ്യൂൾ: എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജ് ബ്ലോക്ക് നമ്പർ 1 ൽ സർവേ നമ്പർ 153/4-43 ൽ ഉൾപ്പെട്ട 0.81 ആർ വിസ്തീർണ്ണമുള്ള എല്ലാ സ്ഥാവര വസ്തുക്കളും ഇതിൽ ഉൾപ്പെടുന്നു.അതിരുകൾ: കിഴക്ക്: ആഷിഷിന്റെ വസ്തു, വടക്ക്: സമൂഹം വക വസ്തു. പടിഞ്ഞാറ്: പഴഞ്ഞാട് ക്ഷേത്രം വക വസ്തു, തെക്ക്: വഴി.
മേൽപ്പറഞ്ഞ വസ്തു മിസ്റ്റർ ആഷിഷ് കെ.എ-യുടെ ഉടമസ്ഥതയിലുള്ളതാണ്.(നിരക്കിൽ നമ്പർ 1)

ഇ-ലേലത്തിന്റെ തീയതിയും സമയവും : 25.03.2026 രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ

ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി:	വസ്തുവിന്റെ പരിശോധന തീയതിയും സമയവും:
24.03.2026 -നോ അതിനുമുമ്പോ രാവിലെ 10.00 നും വൈകുന്നേരം 5.00 നും ഇടയിൽ	23.03.2026 രാവിലെ 10.00 നും വൈകുന്നേരം 5.00 നും ഇടയിൽ

കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് അംഗീകൃത ഓഫീസറെ ബന്ധപ്പെടുക: മിസ്റ്റർ ആദിത്യ – 95435 91627 / മിസ്റ്റർ ടിജോ സാജൻ – 78451 92961.

എവിടെയുണ്ടോ അതുപോലെ', 'എങ്ങനെയാണോ അതുപോലെ, എന്താണോ അതുപോലെ എന്ന രീതിയിലാണ് ഇ-ലേലം നടക്കുന്നത്.
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഇ-ലേല സേവന ദാതാവ് - M/s സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വഴിയാണ് ഇ-ലേലം നടത്തുന്നത്. ബന്ധപ്പെടേണ്ട ആൾ ശ്രീ. പ്രഭാകരൻ (മൊബൈൽ നമ്പർ. 74182 81709) ... https://www.bankeauctions.com അല്ലെങ്കിൽ https://www.ujjivansfb.in/e-auctions ... https://www.bankeauctions.com ... support@bankeauctions.com, ... https://www.bankeauctions.com.
വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ദയവായി ബാങ്കിന്റെ / സെക്യൂർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക, അതായത്, https://www.ujjivansfb.in/e-auctions / https://www.bankeauctions.com.
തീയതി : 13.02.2026, സ്ഥലം: ബാംഗ്ലൂർ
Sd/-
അധികാരപ്പെട്ട ഓഫീസർ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്